നം.QIP 1/51574/2015/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി:07.08.2015.

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും/
എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും/
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം- ഇന്റേണൽ സപ്പോർട്ട് മിഷൻ (ഐ.എസ്.എം) - സംബന്ധിച്ച്.

സൂചന:
1. ഇതേ നം.സർക്കുലർ തീയതി:29.6.2015.
2. 6.8.2015 ലെ ക്യൂ.ഐ.പി മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം.
3. 15.07.2015.ലെ കൺവേർജൻസ് മീറ്റിംഗ് തീരുമാനം.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 3 തീരുമാന പ്രകാരം 11.8.2015 നാണ് ഐ.എസ്.എം. ന്റെ ഭാഗമായുള്ള അടുത്ത സ്കൂൾ സന്ദർശനം നടത്തേണ്ടത്.

ഐ.എസ്.എം പ്രവർത്തനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപറയുന്ന പുതുക്കിയ നിർദ്ദേശങ്ങൾ അറിയിക്കുന്നു.

1. ഐ.എസ്.എം ന്റെ ഭാഗമായി സ്കൂൾ സന്ദർശനം നടത്തുന്ന ടീമിൽ പരമാവധി 2 അംഗങ്ങളെ മാത്രം ഉൾപ്പെടുത്തിയാൽ മതിയാകും.
2. ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ, ഡയറ്റ് പ്രിൻസിപ്പാൾ, ഡയറ്റ് ഫാക്വൽറ്റി എന്നിവരെയാണ് ടീമംഗങ്ങളായി ഉൾപ്പെടുത്തേണ്ടത്.
3. ഒന്നിൽ കൂടുതൽ ആളുകൾ ഒരേസമയം ഒരേ ക്ലാസ്സ് നിരീക്ഷിക്കാൻ പാടുള്ളതല്ല.
4. സ്കൂൾ സന്ദർശനത്തിനു ശേഷം എസ്.ആർ.ജി ചേർന്ന് കണ്ടെത്തലുകൾ പങ്കുവെക്കേണ്ടതാണ്.
5. ഒരു ദിവസം 2 സ്കൂളുകളിലാണ് ഐ.എസ്.എം ടീം സന്ദർശനം നടത്തേണ്ടത്.
6. വ്യക്തിഹത്യ വരാത്ത തരത്തിൽ മാത്രമേ എസ്.ആർ.ജി മീറ്റിംഗിൽ നിർദ്ദേശങ്ങൾ അവതരിപ്പിക്കാവൂ. സ്കൂളിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുകയെന്നതായിരിക്കണം ടീമംഗങ്ങളുടെ സന്ദർശനത്തിന്റെ ഉദ്ദേശ്യം.
7. റിവ്യൂ മീറ്റിംഗ് മാസത്തിൽ ഒരു തവണ നടത്തിയാൽ മതിയാകും. ഇതു ഡയറ്റ് കളുടെ സെമിനാറുകളുടെ ഭാഗമായിട്ടാണ് സംഘടിപ്പിക്കേണ്ടത്.

8. റിവ്യൂ മീറ്റിംഗിനു വേണ്ട എല്ലാ ക്രമീകരണങ്ങളും ഡയറ്റ് പ്രിൻസിപ്പൽമാർ ചെയ്യേണ്ടതാണ്.

9. സ്കൂൾ എച്ച്.എം, എസ്.ആർ.ജി കൺവീനർ, എസ്.എം.സി ചെയർമാൻ പി.റ്റി.എ പ്രസിഡണ്ട് എന്നിവരെയാണ് റിവ്യൂ മീറ്റിംഗിൽ പങ്കെടുപ്പിക്കേണ്ടത്.

10. സ്കൂൾ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളാണ് റിവ്യൂ മീറ്റിംഗിൽ രൂപപ്പെടുത്തേണ്ടത്.

11. ഓരോ ഐ.എസ്.എം സന്ദർശനത്തിന്റെയും റിപ്പോർട്ട് ഡയറ്റ് പ്രിൻസിപ്പൽമാർ തയ്യാറാക്കേണ്ടതും dpiqipkerala@gmail.com എന്ന ഇ.മെയിലിൽ അയച്ചു തരേണ്ടതുമാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

വി

ghs muttom blog